**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4630** **02-07-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം നിയോജക മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ, വാണിമേൽ, മരുതോങ്കര, കാവിലുംപാറ പ്രദേശങ്ങളിൽ വന്യമൃഗ ശല്യം തടയുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോഴിക്കോട് വനം ഡിവിഷന് കീഴിലെ കുറ്റ്യാടി റെയിഞ്ച് പരിധിയിലെ നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ, വാണിമേൽ, മരുതോങ്കര, കാവിലുംപാറ എന്നീ ഭാഗങ്ങളിലെ വന്യമൃഗ ആക്രമണം തടയുന്നതിനായി ഈ പഞ്ചായത്തുകളിലെ വിവിധ വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. അതോടൊപ്പം വനം വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ദിവസ വേതന വാച്ചർമാരെയും ഉൾപ്പെടുത്തി പട്രോളിംഗ് നടത്താറുമുണ്ട്. ജനജാഗ്രത സമിതികൾ ചേരുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ വനാതിർത്തികളിൽ നിർമ്മിച്ചിട്ടുള്ള സോളാർ ഫെൻസിംഗുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ വന്യമൃഗശല്യം തടയുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നത് എന്ന് വിശദമാക്കാമോ ? | (ബി) | വന്യമൃഗ സംഘർഷം തടയുന്നതിനായി നാദാപുരം മണ്ഡലത്തിലെ ചൂരണി (5 കി.മീ.), പൂവത്താങ്കണ്ടി (3 കി.മീ.), പോയിലോംചാൽ (5 കി.മീ.), ഒളോറക്കുന്ന്-ചുവക്കൊല്ലി (1.5 കി.മീ.), വാളൂക്ക് (3 കി.മീ.) എന്നീ ഭാഗങ്ങളിലായി 17.5 കി.മീ. ദൂരം സോളാർ ഫെൻസിംഗ് നബാർഡ് പദ്ധതിയിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

Annexure - 4630

| പഞ്ചായത്ത് | ഏരിയ | ദൂരം (കി.മീ) |
| --- | --- | --- |
| നരിപ്പറ്റ | വാളക്ക് | 1 |
| | തരിപ്പ | 1 |
| വാണിമേൽ | പന്നിയേരി | 1.5 |
| | കുറ്റല്ലൂർ | 2.5 |
| | മലയങ്ങാട് | 3 |
| | പൂവത്താങ്കണ്ടി | 1.5 |
| കാവിലുംപാറ | ചൂരണി | 2 |
| | ചെമ്പോത്തുമ്പോയിൽ | 2 |
| | കുവക്കൊല്ലി | 1 |
| മരുതോങ്കര | – | – |